File No.FWLD-D2/33/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടത് ചോദ്യം നമ്പർ 240      12.02.2019 ൽ മറുപടിയ്ക്ക്

## ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.യു.ആർ പ്രദീപ് | | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മനുഷ്യരും വന്യജീവികളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വന്യജീവികളുടെ, പ്രത്യേകിച്ചും . ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി വനഭാഗങ്ങളെയും മനുഷ്യവാസ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന 'ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ' നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | മനുഷ്യരും വന്യജീവികളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വന്യജീവികളുടെ, പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി വനഭാഗങ്ങളെയും മനുഷ്യവാസ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന 'ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ' നിർമ്മിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 'റൈറ്റ് ഓഫ് പാസ്സേജ് - എലിഫന്റ് കോറിഡോർസ് ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ കേരളത്തിൽ 7 ആനത്താരകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, |

| | | | |
|---|---|---|---|
| | | | പേരിയ-പക്രന്തളം, തിരുനെല്ലി-കുദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് 7 ആനത്താരകൾ. ഇതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താരക്ക് വേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബ്രേഗ്ഗർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ 4 ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല. |
| (ബി) | വനാന്തരങ്ങളിലും വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന അഞ്ഞൂറ് കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ള വയനാട് വന്യജീവി സങ്കേതത്തിൽ അധിവസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ വന്യജീവി സങ്കേതത്തിൽ നിന്നും 800 കുടുംബങ്ങളെ 10 ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 332 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. 59 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ രണ്ടാംഘട്ടം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിന്നും 4 9 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേക്കായി 4970 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും, ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചും വരുന്നു.<br><br>വന്യജീവി ആക്രമണം അതിരൂക്ഷമായ പ്രദേശങ്ങളിലും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒറ്റപ്പെട്ട ജനവാസമേഖലകളിൽ നിന്നും കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നത് ഫലപ്രദമായ ഒരു പരിഹാര മാർഗ്ഗമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 37 പ്രദേശങ്ങളിൽ നിന്നും 1861-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വനങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും വനങ്ങൾ ശുചീകരിക്കുന്നതിനുമായി പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കാമോ? | (സി) | വനങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും വനങ്ങൾ ശുചീകരിക്കുന്നതിനുമായി പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതി വിഭാവനം ചെയ്ത് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് വനപ്രദേശങ്ങളിലും, വനങ്ങളിലൂടെ കടന്നു പോകുന്ന സംസ്ഥാന-അന്തർ സംസ്ഥാന ദേശീയ പാതയോരങ്ങളിലുമായി 1 2 5 മാലിന്യ നിക്ഷേപ പ്രദേശങ്ങൾ കണ്ടെത്തുകയും, അതാത് സ്ഥലങ്ങളിലെ ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികളും, വനസംരക്ഷണ സമിതികളുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മൂന്നാർ വനം ഡിവിഷനിലെ നേരിയമംഗലം റെയിഞ്ചിൽ എക്സ്-സർവ്വീസ് മെൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ